'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ജീവനക്കാര്യം - ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ - ഗ്രേഡ് I ആയി സർവീസിലിരിക്കേ മരണപ്പെട്ട സുരേഷ് കുമാർ.ഡി യുടെ മകനായ ശ്രീ.സൂരജ്.എസ്.കുമാറിന് ആശ്രിത നിയമനപ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.70/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം,

21/06/2019

---

പരാമർശം:- 1 24.05.1999-ലെ സ.ഉ(അച്ചടി) നം. 12/99/ഉ.ഭ.പ.വ.

2 24.07.2004-ലെ സ.ഉ.(കൈ)നം. 243/04/ത.സ്വ.ഭ.വ

3 ശ്രീ.സൂരജ്.എസ്.കുമാർ 03.07.2018-ൽ സമർപ്പിച്ച ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.

4 എറണാകുളം ജില്ലാ കളക്ടറുടെ 09.01.2019-ലെ DCEKM/14064/2018/E5 നമ്പർ കത്ത്.

5 വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 20.03.2019, 09.04.2019, 14.05.2019 തീയതികളിലെ 3994/എസ്റ്റാ.1/2016/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ - ഗ്രേഡ് I ആയി ജോലിയിലിരിക്കേ മരണപ്പെട്ട സുരേഷ് കുമാർ.ഡി-യുടെ മകനായ ശ്രീ.സൂരജ്.എസ്.കുമാർ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൻ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന നടത്തിയ എറണാകുളം ജില്ലാ കളക്ടർ അപേക്ഷയുടെ അനുബന്ധ രേഖകൾ നിർവ്യാജമാണെന്നും മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർ ആരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ നൽകുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുകയും, പരാമർശം (4) പ്രകാരം അപേക്ഷ ശുപാർശ ചെയ്യുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സൂരജ്.എസ്.കുമാറിന് ആശ്രിത നിയമനപ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാൻ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശം (5) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

2. ജിസിഡിഎയിൽ ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ - ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ 14.01.2012-ലാണ് സുരേഷ് കുമാർ.ഡി മരണപ്പെട്ടത്. പരേതന്റെ ആകെ സേവനകാലം 24 വർഷവും 08 മാസവും 8 ദിവസവും ആണ്. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച

പരേതന്റെ മകനായ ശ്രീ.സൂരജ്.എസ്.കുമാറിന്റെ ജനനതീയതി 05.10.1999 ആകയാൽ ടിയാന് ഇപ്പോൾ 19 വയസ്സുണ്ട്. ടിയാൻ ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൻ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ, ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കാനുള്ള യോഗ്യതയുണ്ട്.

3. പരേതന്റെ മറ്റ് എല്ലാ അനന്തരാവകാശികളും ശ്രീ.സൂരജ്.എസ്.കുമാറിന് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം ₹ 3,53,688 (മൂന്ന് ലക്ഷത്തി അൻപത്തി മൂവായിരത്തി അറുന്നൂറ്റി എൺപത്തിഎട്ട് രൂപ മാത്രം) രൂപയാണ് എന്ന് എറണാകുളം ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4. പരാമർശം (4), (5) പ്രകാരമുള്ള എറണാകുളം ജില്ലാ കളക്ടറുടെയും ജിസിഡിഎ സെക്രട്ടറിയുടെയും കത്തുകളുടെയും, പരാമർശം (1), (2)-ലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രാഫ്റ്റ്സ്മാൻ/സർവ്വേയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട സുരേഷ് കുമാർ.ഡി യുടെ മകനായ ശ്രീ.സൂരജ്.എസ്.കുമാറിന്, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച വേളയിലോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജിസിഡിഎയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.നാഗേന്ദ്രന്**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ശ്രീ.സൂരജ്.എസ്.കുമാർ, 'കൃഷ്ണപ്രിയ', ശാസ്ത്രി റോഡ്, വടുതല, കൊച്ചി - 682 023((രജിസ്റ്റേഡ് തപാൽ മുഖേന).
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**